"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - സർക്കാർ പരസ്യങ്ങൾ ദൃശ്യ മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട നയവും, നടപടിക്രമങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും - വിഷ്വൽ മീഡിയ ലിസ്റ്റും, പരസ്യനിരക്കും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്**

സ.ഉ.(അച്ചടി)നം. 3/2021/ഐ&പി.ആർ.ഡി തിരുവനന്തപുരം, തീയതി: 26.02.2021

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: (1) 23.09.2017 ലെ സ.ഉ(സാധാ)നം. 287/2017/ഐ&പി.ആർ.ഡി
(2) 07.01.2019-ലെ സ.ഉ(അച്ചടി)നം. 1/2019/ഐ&പി.ആർ.ഡി
(3) 06.11.2013 ലെ സ.ഉ(സാധാ)നം. 433/2013/ഐ&പി.ആർ.ഡി
(4) 29.01.2014-ലെ സ.ഉ(സാധാ)നം. 32/2014/ഐ&പി.ആർ.ഡി
(5) 19.08.2015-ലെ സ.ഉ(സാധാ)നം. 393/2015/ഐ&പി.ആർ.ഡി
(6) 29.05.2019-ലെ സ.ഉ(സാധാ)നം. 84/2019/ഐ&പി.ആർ.ഡി
(7) 01.01.2014-ലെ സ.ഉ(സാധാ)നം. 01/2014/ഐ&പി.ആർ.ഡി
(8) 09.03.2009-ലെ സ.ഉ(സാധാ)നം. 65/2009/ഐ&പി.ആർ.ഡി
(9) 26.03.2009-ലെ സ.ഉ(സാധാ)നം. 89/2009/ഐ&പി.ആർ.ഡി
(10) 12.06.2008-ൽ എ.സി.വി. ചാനലും ഐ&പി.ആർ ഡയറക്ടറുമായുള്ള റേറ്റ് കോൺട്രാക്റ്റ്

<u>ഉത്തരവ്</u>

(1) സർക്കാർ പരസ്യങ്ങൾ ദൃശ്യമാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമങ്ങളിലും, മാർഗ്ഗനിർദ്ദേശങ്ങളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും, ദൃശ്യമാധ്യമങ്ങളുടെ പരസ്യനിരക്കുകൾ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനുമായി പരാമർശം (1) പ്രകാരം ഒരു വിദഗ്ദ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ച ശിപാർശകൾ അംഗീകരിച്ചു കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) ടെലിവിഷൻ ചാനലുകളുടെ ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ എംപാനൽമെന്റ് നടത്തുന്നതിനും, പരസ്യനിരക്ക് ശാസ്ത്രീയമായി നിശ്ചയിക്കുന്നതിനും ആവശ്യമായ മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന ഒരു മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് പരാമർശം (3)(4) പ്രകാരം ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത ഹൈപവർ കമ്മിറ്റിയുടെ ശിപാർശകൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

(3) മേൽ പരാമർശിത കമ്മിറ്റികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും, പരസ്യനിരക്കുകളും, വിഷ്വൽ മീഡിയ

ലിസ്റ്റും പരിഷ്കരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. മീഡിയ വൺ, മാതൃഭൂമി, ഫ്ളവേഴ്സ്, കപ്പ, കൗമുദി തുടങ്ങിയ ചാനലുകളുടെ പരസ്യ നിരക്കുകൾക്ക് 22.02.2021-ാം തീയതി മുതലും, ബാക്കിയുള്ള ചാനലുകൾക്ക് 2019 ജനുവരി 7 മുതലും മുൻകാല പ്രാബല്യം ഉണ്ടായിരിക്കും.

(4) മീഡിയ ലിസ്റ്റിലെ ചാനലുകളെ താഴെ പറയുന്ന 6 വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

(1) പൊതുവിനോദ ചാനലുകൾ - ടയർ I
(2) പൊതുവിനോദ ചാനലുകൾ - ടയർ II
(3) വാർത്താചാനലുകൾ
(4) സംഗീത ചാനലുകൾ
(5) സർക്കാർ ചാനലുകൾ
(6) മറ്റ് വിഭാഗം ചാനലുകൾ

**<u>സാറ്റലൈറ്റ് ചാനലുകൾ/കേബിൾ ചാനലുകൾ എന്നിവയെ വിഷ്വൽ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ</u>**

(5) പുതിയ ചാനലുകൾക്ക് അവയുടെ വാണിജ്യപരമായ ലോഞ്ചിംഗ് നടത്തിയ തീയതി മുതൽ തുടർച്ചയായി ഒരു വർഷം സംപ്രേഷണം ചെയ്തതിനു ശേഷം മാത്രമേ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു. വാണിജ്യപരമായ ലോഞ്ചിംഗ് നടത്തിയ തീയതി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സാധാരണ ഉള്ളടക്കത്തോടെ കേബിൾ ടി.വി പോലുള്ള പ്രധാന സംവിധാനങ്ങൾ വഴി പ്രേക്ഷകന് പൊതുവായി ചാനൽ ലഭ്യമാക്കുന്ന തീയതിയാണ്.

(6) കേരള ടെലിവിഷൻ ഫെഡറേഷനിൽ (KTF) നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ചാനലുകളെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

(7) ഗവൺമെന്റ് ചാനലുകളെ ടി സ്ഥാപനം നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ്. എൻലിസ്റ്റ് ചെയ്യുന്നതിന് സംപ്രേഷണം തുടങ്ങി ഒരു വർഷം പൂർത്തിയാക്കണം എന്ന നിബന്ധന ഗവൺമെന്റ് ചാനലുകൾക്ക് ബാധകമല്ല.

(8) പുതിയ ചാനലുകൾക്ക് അവയെ ഉൾപ്പെടുത്തുന്ന വിഭാഗത്തിലെ അടിസ്ഥാന പരസ്യനിരക്ക്, അവയുടെ എംപാനൽമെന്റ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് അനുവദിച്ച് നൽകേണ്ടതും, റേറ്റിംഗ് എന്തുതന്നെയായിരുന്നാലും തങ്ങൾക്ക് കൂടിയ നിരക്കിന് അർഹതയുണ്ടെന്ന് ചാനൽ ആവശ്യപ്പെടുന്ന

സാഹചര്യത്തിൽ പ്രസ്തുത കാലയളവിനുശേഷം മാത്രം മാനദണ്ഡങ്ങൾ വിലയിരുത്തി പരസ്യനിരക്ക് നിശ്ചയിക്കേണ്ടതുമാണ്.

(9) ചാനലുകളെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിലും, അതു സംബന്ധിച്ച പരാതികളിലും പബ്ലിക് റിലേഷൻസ് ഡയറക്ടർ ചെയർമാനായും, അഡീഷണൽ ഡയറക്ടർ (ജനറൽ) കൺവീനറായും പരാമർശം (6) പ്രകാരം രൂപീകരിച്ച സ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(10) ഗവൺമെന്റ് ഓഫ് ഇന്ത്യ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നൽകുന്ന ഫോം 3 പ്രകാരമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും, വകുപ്പ് മേഖല ഡെപ്യൂട്ടി ഡയറക്ടർമാരുടെ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കേബിൾ ടി.വി ചാനലുകളെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

(11) യൂണിയൻ മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് പുറപ്പെടുവിച്ചിട്ടുള്ള Uplinking and Downlinking Policy Guidelines 2011 for Private Satellite Channels പ്രകാരവും, ചാനൽ സംപ്രേഷണം സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള കേബിൾ ടെലിവിഷൻ നെറ്റ്വർക്ക് റെഗുലേഷൻ ആക്ട് 1995-ൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും, വ്യവസ്ഥകളുടേയും അടിസ്ഥാനത്തിലായിരിക്കണം മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ചാനലുകൾ പ്രവർത്തിക്കേണ്ടത്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ചാനലുകളെ മുന്നറിയിപ്പ് ഇല്ലാതെ തന്നെ മീഡിയ ലിസ്റ്റിൽ നിന്ന് പുറത്താക്കുന്നതാണ്.

(12) റിലീജിയസ് ചാനലുകളെ മീഡിയ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

(13) മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചാനലുകൾക്ക് മാത്രമേ സർക്കാർ പരസ്യങ്ങൾ ലഭിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളു. കൂടാതെ മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ചാനലുകളും സംപ്രേഷണത്തിനായി സർക്കാർ നൽകുന്ന എല്ലാ പരസ്യങ്ങളും നിർബന്ധമായും പ്രസിദ്ധീകരിക്കേണ്ടതാണ്.

(14) പി.ആർ.ഡി മീഡിയ ലിസ്റ്റിൽ ഉൾപ്പെടാത്ത ചാനലുകൾക്ക് ഏതെങ്കിലും സവിശേഷ സാഹചര്യത്തിൽ പരസ്യം നൽകുന്നപക്ഷം ആയത് പ്രത്യേക ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം.

(15) മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ചാനലുകൾ അവയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നത്, സംപ്രേഷണം നിർത്തുന്നത്. എന്നിവ സംബന്ധിച്ച വിവരങ്ങൾ അതത് സമയത്ത് വകുപ്പിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(16) എല്ലാ ചാനലുകൾക്കും അതത് സമയം പ്രാബല്യത്തിലുള്ള ചരക്കുസേവന നികുതി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

(17) മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ചാനലുകളിൽ നിന്നും പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ഈടാക്കുന്നതാണ്.

(18) പ്രൈം ടൈമിൽ സംപ്രേഷണം ചെയ്യുന്ന പരസ്യങ്ങൾക്ക് പി.ആർ.ഡി നിരക്കും, നോൺ പ്രൈം ടൈമിൽ സംപ്രേഷണം ചെയ്യുന്ന പരസ്യങ്ങൾക്ക് പ്രൈം ടൈം പരസ്യനിരക്കിന്റെ പകുതി നിരക്കും, ലേറ്റ് പ്രൈം ടൈമിൽ സംപ്രേഷണം ചെയ്യുന്ന പരസ്യങ്ങൾക്ക് നോൺ പ്രൈം ടൈം പരസ്യനിരക്കിന്റെ പകുതി നിരക്കും അനുവദിച്ചു നൽകുന്നു.

(19) 10 സെക്കന്റ് ദൈർഘ്യമുള്ള സ്റ്റാർഡേർഡ് പരസ്യത്തിനുള്ള നിരക്കാണ് നിലവിൽ നിശ്ചയിച്ചിട്ടുള്ളത്.

(20) ആസ്റ്റൺ ബാൻഡ്, എൽ ബാൻഡ് പരസ്യങ്ങൾക്ക്; 10 സെക്കന്റ് ദൈർഘ്യമുള്ള പരസ്യം ചെയ്യുന്നതിന് പി.ആർ.ഡി പരസ്യനിരക്കിന്റെ (ടാക്സ് കൂടാതെയുള്ള) 50% പരസ്യനിരക്ക് അനുവദിച്ചുനൽകുന്നു.

(21) വാർത്താചാനലുകളിൽ സ്ക്രോൾ പരസ്യങ്ങൾ നൽകാവുന്നതും, പ്രതിദിനം കുറഞ്ഞത് 50 തവണ (50 ഇൻസേർഷൻ) എന്ന നിലയിൽ സംപ്രേഷണം ചെയ്യുന്നതിന് സ്ക്രോളുകൾക്ക് 10000 രൂപയും കൂടാതെ ജി.എസ്.ടിയും എന്ന നിരക്ക് അനുദിച്ച് നൽകുന്നു.

(22) 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഓരോ റിലീസ് ഓർഡറിനും, ബന്ധപ്പെട്ട ചാനലുകൾ വാല്യു അഡിഷൻ സംപ്രേഷണം എന്ന നിലയിൽ സൗജന്യമായി പ്രൈംടൈമിലെ ഒരു പ്രോഗ്രാമിൽ ക്രെഡിറ്റ്ലൈൻ ചെയ്യേണ്ടതാണ്.

(23) മാധ്യമങ്ങൾക്ക് പരസ്യങ്ങൾ നൽകുന്ന കസ്റ്റമർ എന്നതിന് ഉപരിയായി മാധ്യമ സ്ഥാപനങ്ങളുടേയും, മാധ്യമ പ്രവർത്തകരുടേയും ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു സിസ്റ്റം/സംവിധാനം എന്ന നിലയിൽ സർക്കാരിനെ കണക്കാക്കി പരമാവധി മൂല്യവർദ്ധിത സേവനങ്ങൾ ലഭ്യമാക്കാൻ മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട ചാനലുകൾ ബാധ്യസ്ഥരായിരിക്കും.

(24) സംപ്രേഷണം ചെയ്യേണ്ട പരസ്യത്തിന്റെ ദൈർഘ്യം, സംപ്രേഷണം ചെയ്യേണ്ട തീയതി (ഷെഡ്യൂൾ) എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പബ്ലിക് റിലേഷൻസ് ഡയറക്ടർ റിലീസ് ഓർഡറായി ചാനലുകൾക്ക് നൽകേണ്ടതാണ്.

(25) പരസ്യം സംപ്രേഷണം ചെയ്ത വകയിലുള്ള ബില്ലുകളും (മൂന്ന് പകർപ്പ്), ടെലികാസ്റ്റ് സർട്ടിഫിക്കറ്റും, ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്

വകുപ്പ് എന്ന പേരിൽ തയ്യാറാക്കേണ്ടതാണ്. കൂടാതെ ബില്ലിൽ റിലീസ് ഓർഡർ നമ്പർ, തീയതി, പരസ്യത്തിന്റെ കാപ്ഷൻ എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

## പാർട്ടി പേയ്മെന്റ് പരസ്യങ്ങൾ

(26) വിവിധ സർക്കാർ വകുപ്പുകൾ, കേരളസർക്കാർ ഉടമസ്ഥതയിലോ, നിയന്ത്രണത്തിലോ ഉള്ള പൊതുമേഖല സംരംഭങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, യുണിവേഴ്സിറ്റികൾ, സ്വയംഭരണസ്ഥാപനങ്ങൾ, കോടതികൾ, സർക്കാർ മിഷനുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് അവയുടെ പരസ്യങ്ങൾ പാർട്ടിപേയ്മെന്റായി പി.ആർ.ഡി മുഖേനയോ, അല്ലാതെ നേരിട്ടോ ചാനലുകളിൽ സംപ്രേഷണത്തിനായി നൽകാവുന്നതാണ്. ഈ പരസ്യങ്ങൾക്ക് പി.ആർ.ഡി നിരക്ക് ബാധകമായിരിക്കും. കൂടാതെ ടി സ്ഥാപനങ്ങൾക്ക് പരസ്യത്തുകയുടെ 15% ഡിസ്കൗണ്ട് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

(27) പാർട്ടിപേയ്മെന്റായി നൽകേണ്ട പരസ്യങ്ങളിൽ പരസ്യത്തിന്റെ ക്രിയേറ്റീവ് (വീഡിയോ) കവറിംഗ് ലെറ്റർ സഹിതം ഒരാഴ്ച മുമ്പ് വകുപ്പിൽ സമർപ്പിക്കണം.

(28) ഏതെല്ലാം ചാനലുകളിൽ, ഏത് സമയത്ത് പരസ്യം നൽകണം, പരസ്യം സംപ്രേഷണം ചെയ്യേണ്ട തീയതി, പരസ്യചെലവ് സ്ഥാപനം വഹിക്കുന്നതാണെന്നുമുള്ള വിശദാംശങ്ങൾ കവറിംഗ് ലെറ്ററിൽ കൃത്യമായും സൂചിപ്പിച്ചിരിക്കണം.

(29) പരസ്യം പിൻവലിച്ചാൽ ആ വിവരം രേഖാമൂലം മുൻകൂട്ടി വകുപ്പിനെ അറിയിക്കേണ്ടതാണ്.

(30) ജീവൻ ടി.വി, ജയ്ഹിന്ദ് ടി.വി എന്നിവ ഒഴികെയുള്ള എല്ലാ ചാനലുകൾക്കും 2014 നിരക്കിൽ നിന്നും 30% വർദ്ധനവും, ജീവൻ ടി.വി, ജയ്ഹിന്ദ് ടി.വി എന്നിവയ്ക്ക് 2014-ലെ നിരക്കിന്റെ 20% വർദ്ധനവും അനുവദിച്ച് നൽകുന്നു.

(31) പരസ്യനിരക്ക് പരിഷ്കരിച്ച സാറ്റലൈറ്റ് ചാനലുകളെ പുതിയ പരസ്യനിരക്കിന്റെ അടിസ്ഥാനത്തിലും, പരസ്യനിരക്ക് പരിഷ്കരിക്കാത്ത ഗവൺമെന്റ് ചാനലുകൾ, കേബിൾ ടി.വി ചാനലുകൾ എന്നിവയെ പഴയ പരസ്യനിരക്കിന്റെ അടിസ്ഥാനത്തിലും ഉൾപ്പെടുത്തിക്കൊണ്ട് ചുവടെ പറയും പ്രകാരം മീഡിയ ലിസ്റ്റ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത പരസ്യനിരക്കുകൾക്ക് മീഡിയ ലിസ്റ്റ്/പരസ്യനിരക്ക് പരിഷ്കരണം സംബന്ധിച്ച പുതിയ ഉത്തരവ് നിലവിൽ വരുന്നതുവരെ പ്രാബല്യമുണ്ടായിരിക്കും.

മീഡിയ ലിസ്റ്റ്

| No | Channels | Prime Time Rate for 10 sec. (in Rs.) | Non Prime Time Rate for 10 sec. (in Rs.) | Late Prime Time Rate for 10 sec. (in Rs.) |
|---|---|---|---|---|
| GEC TIER I | | | | |
| 1 | Asianet | 16250 | 8125 | 4063 |
| 2 | Surya | 13650 | 6825 | 3413 |
| 3 | Kairali | 12350 | 6175 | 3088 |
| 4 | Amrita | 8775 | 4388 | 2194 |
| 5 | Jaihind | 6300 | 3150 | 1575 |
| 6 | Jeevan | 5400 | 2700 | 1350 |
| 7 | Flowers | 8300 | 4150 | 2075 |
| GEC TIER II | | | | |
| 1 | Asianet Plus | 4800 | 2400 | 1200 |
| 2 | Surya Movies | 1800 | 900 | 450 |
| 3 | Asianet Movies | 4200 | 2100 | 1050 |
| 4 | WE | 3000 | 1500 | 750 |
| 5 | Kaumudy | 4000 | 2000 | 1000 |
| NEWS CHANNELS | | | | |
| 1 | Asianet News | 4940 | 2470 | 1235 |
| 2 | Mathrubhumi | 4500 | 2250 | 1125 |
| 3 | People | 4290 | 2145 | 1073 |
| 4 | Media One | 3400 | 1700 | 850 |
| 5 | Reporter | 3250 | 1625 | 813 |
| 6 | Janam | 2500 | 1250 | 625 |
| 7 | News 18 Kerala | 2500 | 1250 | 625 |
| 8 | Mangalam | 2500 | 1250 | 625 |
| 9 | 24 (Twenty Four) News Channel | 2500 | 1250 | 625 |
| OTHER GENRE | | | | |
| 1 | Kappa | 1480 | 740 | 370 |
| 2 | Darshana | 1200 | 600 | 300 |
| 3 | Power Vision | 1200 | 600 | 300 |

<u>ഗവൺമെന്റ് ചാനലുകൾ</u>

| Channel | Rate (in Rs.) | |
|---|---|---|
| | Prime Time | Non Prime Time |
| Doordarshan | 15000 | 5000 |
| Victers | 5000 | 3000 |

<u>കേബിൾ ചാനലുകൾ</u>

| Cable Channel | Prime Time | Non Prime Time |
|---|---|---|
| എ.സി.വി | 1500 (10 സെക്കന്റ്സ്) | 1000 (10 സെക്കന്റ്സ്) |
| | 2000 (20 സെക്കന്റ്സ്) | 1250 (20 സെക്കന്റ്സ്) |
| | 2500 (30 സെക്കന്റ്സ്) | 1625 (30 സെക്കന്റ്സ്) |
| കേരള വിഷൻ | 1250 | 750 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സീന എ.എൻ**
ഡെപ്യൂട്ടി സെക്രട്ടറി

മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ ടി.വി ചാനലുകൾക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (കവറിംഗ് ലെറ്റർ സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (കവറിംഗ് ലെറ്റർ സഹിതം)
എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും
ബോർഡുകൾ, കോർപ്പറേഷനുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ മിഷനുകൾ, വിവിധ സർക്കാർ കമ്മീഷനുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ എന്നിവയുടെ മേധാവികൾക്ക്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ഡി.പി.ആർ-ന്റെ സി.എയ്ക്ക്
ഐ&പി.ആർ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പരസ്യവിഭാഗം ഇൻഫർമേഷൻ ഓഫീസർ
എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
രജിസ്ട്രാർ, സി-ഡിറ്റ്, തിരുവനന്തപുരം
പി.ആർ.ഡി വെബ്സൈറ്റ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**